**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1881** **05-07-2022 - ൽ മറുപടിയ്ക്ക്**

**കായിക ഉപകരണങ്ങളുടെ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് കായിക ഉപകരണങ്ങളുടെ ഉല്പാദനം ശക്തിപ്പെടുത്താനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് കായിക ഉപകരണങ്ങളുടെ ഉൽപാദനം ശക്തിപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.** |
| (ബി) | ഹെൽത്തി കിഡ്സ് ആയോധന മത്സരങ്ങൾ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ് എന്നിവയ്ക്കായുള്ള ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾക്ക് പുതിയ സ്പോർട്സ് പോളിസി നടപ്പാക്കാൻ തീരുമാനിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ച് വിശദമായ റിപ്പോർട്ട് നൽകാമോ? | (ബി) | **ഹെൽത്തി കിഡ്സ് പദ്ധതിയുടെ ഭാഗമായി 25 വിദ്യാലയങ്ങളിൽ പ്രത്യേക പരിശീലന പദ്ധതി തുടങ്ങിയിട്ടുണ്ട്. 30 വിദ്യാലയങ്ങളിൽ വരുന്ന അദ്ധ്യയന വർഷത്തിൽ തുടങ്ങുവാൻ പദ്ധതി രൂപപ്പെടുത്തിയിട്ടുമുണ്ട്. അഞ്ച് ലക്ഷം കുട്ടികൾക്ക് കായിക പരിശീലനത്തിനായി ഗോൾ (ഫുട്ബോൾ) പദ്ധതിയും, പഞ്ച് (ബോക്സിംഗ്), ജൂഡോക്കോ (ജൂഡോ പരിശീലനം), ഹൂപ്സ് (ബാസ്കറ്റ് ബോൾ), സ്പ്രിന്റ് (അത്‌ലറ്റിക്സ്) എന്നീ പദ്ധതികൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.**<br><br>**ആയോധന മത്സരങ്ങൾ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, എന്നിവയ്ക്കായുള്ള ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾക്ക് പുതിയ സ്പോർട്സ് പോളിസി നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല** |

സെക്ഷൻ ഓഫീസർ